**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4680** **19.05.2017**-ലെ മറുപടിക്ക്

**<u>തിരുവൻവണ്ടൂർ വില്ലേജിലെ പട്ടികജാതിക്കാരുടെ നിവേദനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 23-2-2017 ലെ 420/VIP/M(SC/ST, BC, Law&C)2017 നമ്പർ കത്ത് പ്രകാരം തിരുവൻവണ്ടൂർ വില്ലേജിലെ ഉമയാറ്റൂർ മുറിയൻ കൊമ്പിക്കുഴി മാവേലിത്തറ റോഡിന് സമീപം താമസിക്കുന്ന പട്ടികജാതി വിഭാഗക്കാരുടെ നിവേദനം അനന്തര നടപടിക്കായി പട്ടികജാതി ആലപ്പുഴ ജില്ലാ ആഫീസിൽ നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെയായി നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) & (ബി) | ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂർ വില്ലേജിൽ ഉമയാറ്റുകരമുറിയിൽ കൊമ്പിക്കുഴി മാവേലിത്തറ ഭാഗത്ത് താമസിക്കുന്ന പട്ടികജാതി വിഭാഗക്കാരുടെ പുരയിടം മണ്ണിട്ട് നികത്തി വാസയോഗ്യമാക്കി നൽകുവാനും വെള്ളക്കെട്ട് മാറ്റുവാനുമുള്ള നടപടി ഉണ്ടാകണമെന്നുള്ള നിവേദനത്തിൻ മേൽ നടപടി സ്വീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിലവിൽ പദ്ധതികളൊന്നുമില്ല. ആകെ 48 കുടുംബങ്ങളുള്ള ടി കോളനിയിലെ 34 പട്ടികജാതി കുടുംബങ്ങൾ മഴക്കാലത്ത് വെള്ളക്കെട്ടുമൂലം വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതിനാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ ഒരു പുതിയ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രദേശത്തുള്ളവരുടെ നിവേദനത്തിലുള്ള ആവശ്യം എന്ന് നടപ്പാക്കുമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ